ഉത്തരം

പരിശോധിക്കുന്നതാണ്.

യുവക്രീഡാ ഓർ ഖേൽ അഭിയാൻ പദ്ധതി

217 (5107) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് യുവക്രീഡാ ഓർ ഖേൽ അഭിയാൻ പദ്ധതി പ്രകാര മുള്ള പ്രവർത്തനങ്ങൾ കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നടപ്പി ലാക്കിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നടപ്പിലാക്കാൻ കഴിയാത്തതെന്ന് വ്യക്തമാക്കുമോ ;

(സി) എല്ലാ പഞ്ചായത്തിലും നടപ്പിലാക്കാത്തതുവഴി എത്ര രൂപയാണ് സംസ്ഥാനത്തിന് നഷ്ടപ്പെട്ടതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) കേന്ദ്ര യുവജനകാര്യ മന്ത്രാലയത്തിന്റെ പൈക്ക പദ്ധതി സംബന്ധിച്ച നിർദ്ദേശ പ്രകാരം 2008-09 മുതൽ 2016-17 വരെയുള്ള 9 വർഷം കൊണ്ട് ഘട്ടംഘട്ടമായി രാജ്യത്തെ എല്ലാ ഗ്രാമ- ബ്ലോക്ക്പഞ്ചായത്തുകളെയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. ആയ തിൻ പ്രകാരം ആദ്യത്തെ നാലുവർഷം 10% വീതം ഗ്രാമപഞ്ചായത്തുകളിലും ശേഷിച്ച അഞ്ചു വർഷം കൊണ്ട് 12% വീതം ഗ്രാമപഞ്ചായത്തുകളിലുമാണ് പ്രതിവർഷം 'പൈക്ക ' നടപ്പാക്കുന്നത്.

(സി) ഉദിക്കുന്നില്ല.

ഗ്രാമപഞ്ചായത്തുകളിൽ സമയബന്ധിതായി സ്പോർട്ട്സ് കൗൺസിലുകൾ രൂപീകരിക്കുന്നതിന് നടപടി

218 (5108) ശ്രീ. ബാബു എം. പാലിശ്ശേരി: താഴെ കാണുന്ന ചോദ്യ ത്തിന് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്പോർട്ട്സ് കൗൺസിലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സ്പോർട്ട്സ് ആക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന-ജില്ലാ സ്പോർട്ട്സ് കൗൺസിലുകളിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി നിലവിൽ വരികയുണ്ടായി. കൗൺസിലുകളിലെ സെക്രട്ടറിമാരൊഴികെയുള്ള ഉദ്യോഗസ്ഥരുടേയും ജീവനക്കാരുടേയും നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിനുള്ള നിയമനിർമ്മാണം നടത്തി. കൂടാതെ, ജില്ലാ സ്പോർട്ട്സ് കൗൺസിലുകളിൽ സെക്രട്ടറിമാരെ നിയമിച്ച് ജില്ലാ കൗൺസിലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി. സംസ്ഥാനത്തെ 398 ഗ്രാമപഞ്ചായത്തുകളിലും 29 നഗരസഭകളിലും 3 കോർപ്പറേഷനുകളിലും സ്പോർട്ട്സ് കൗൺസിലുകൾ രൂപീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന കൗൺസിലുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

ഒരു ജില്ലയിൽ ഒരു സ്പോർട്ട്സ് സ്കൂൾ എന്ന തത്വം

219 (5109) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എം. എം. മോനായി:
ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീമതി ജെ. അരുന്ധതി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ സ്പോർട്ട്സ് നയത്തിൽ ഒരു ജില്ലയിൽ ഒരു സ്പോർട്ട്സ് സ്കൂൾ എന്ന തത്വം അംഗീകരിച്ചിട്ടുണ്ടോ ;

(ബി) ഇപ്പോൾ ഏതെല്ലാം ജില്ലകളിലാണ് സ്പോർട്ട്സ് സ്കൂളുകൾ നിലവിലുള്ളത് ;

(സി) ഈ വർഷം ഏതെല്ലാം ജില്ലകളിൽ പുതുതായി സ്പോർട്ട്സ് സ്കൂളുകൾ ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) സ്കൂളുകളിലെ കായികാധ്യാപകരുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ ;

(ഇ) കായികതാരങ്ങൾക്ക് സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി സാധ്യത വർദ്ധിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരത്ത് സ്പോർട്ട്സ് സ്കൂളും കണ്ണൂരിൽ സ്പോർട്ട്സ് ഡിവിഷനും പ്രവർത്തിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly